<u>പത്രക്കുറിപ്പ്</u>

## ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി 2021-22 ൽ 7.76 ബില്ല്യൺ അമേരിക്കൻ ഡോളർ എന്ന എക്കാലത്തെയും ഉയർന്ന നിലയിലേക്ക്.

## ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യപ്പെടുന്ന ഉല്പന്നമായി ശീതീകരിച്ച ചെമ്മീൻ. അമേരിക്ക, ചൈന, യൂറോപ്യൻ യൂണിയൻ, തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ എന്നിവ പ്രധാന ഇറക്കുമതിക്കാർ.

കൊച്ചി, ജൂൺ 29.

കനത്ത പ്രതിസന്ധികൾക്കിടയിലും 2021-22 സാമ്പത്തിക വർഷം 57,586.48 കോടി രൂപ (7.76 ബില്ല്യൺ യു എസ് ഡോളർ) മൂല്യമുള്ള 13,69,264 മെട്രിക് ടൺ സമുദ്രോത്പന്ന കയറ്റുമതി ഇന്ത്യ കൈവരിച്ചു .

അളവിലും മൂല്യത്തിലും ശീതീകരിച്ച ചെമ്മീൻ ഏറ്റവും വലിയ കയറ്റുമതി ഉല്പന്നം ആയി തുടരുകയും അമേരിക്കയും ചൈനയും ഇന്ത്യൻ സമുദ്രോത്പന്നങ്ങളുടെ ഏറ്റവും വലിയ വിപണികൾ ആവുകയും ചെയ്തു.

2021-22 സാമ്പത്തിക വർഷത്തിൽ സമുദ്രോത്പന്ന കയറ്റുമതി രൂപയുടെ മൂല്യത്തിൽ 31.71 ശതമാനവും യു.എസ് ഡോളറിന്റെ മൂല്യത്തിൽ 30.26 ശതമാനവും വളർച്ചയാണ് കൈവരിച്ചത്. 2020-21 സാമ്പത്തികവർഷത്തിൽ 43,720.98 കോടി രൂപ (5,956.93 യു എസ് ഡോളർ) മൂല്യമുള്ള 11,49,510 മെട്രിക് ടൺ സമുദ്രോത്പന്ന കയറ്റുമതിയായിരുന്നു നേടിയത്.

കോവിഡ് മഹാമാരി മൂലം വിദേശവിപണികളിലുണ്ടായ പലവിധ വെല്ലുവിളികളും നേരിട്ടാണ് 7.76 ബില്യൺ യു എസ് ഡോളർ മൂല്യമുള്ള 13,69,264 മെട്രിക് ടൺ കയറ്റുമതി എന്ന എക്കാലത്തെയും മികച്ച കയറ്റുമതി നേട്ടം ഇന്ത്യ നേടിയത് എന്ന് സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി (എം.പി.ഇ.ഡി.എ) ചെയർമാൻ ഡോ. കെ.എൻ രാഘവൻ ഐ.ആർ.എസ് പറഞ്ഞു. കേന്ദ്ര വാണിജ്യ വകുപ്പ് നൽകിയ കയറ്റുമതി ലക്ഷ്യത്തിന്റെ 99.4 ശതമാനം കൈവരിക്കുകയും ചെയ്തു.

ശീതീകരിച്ച ചെമ്മീൻ 42,706.04കോടി രൂപ (5828.59 മില്യൺയു എസ് ഡോളർ) നേട്ടവുമായി സമുദ്രോത്പന്ന കയറ്റുമതിയിലെ മുന്തൂക്കം നിലനിർത്തി. മൊത്തം കയറ്റുമതിയുടെ അളവിൽ 53.18 ശതമാനവും ഡോളർ വരുമാനത്തിൽ 75.11 ശതമാനവുമാണിത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ അളവിൽ 31.68 ശതമാനവും യു എസ് ഡോളർ മൂല്യത്തിൽ 23.35 ശതമാനവും വർദ്ധനയാണുണ്ടായത്.

2020-21-ൽ ശീതീകരിച്ച ചെമ്മീനിന്റെ ആകമാന കയറ്റുമതി അളവിൽ 7,28,123 മെട്രിക് ടണ്ണും യു എസ് ഡോളർ വിനിമയത്തിൽ 5,828.59 മില്യണും ആയിരുന്നു. ഏറ്റവും വലിയ വിപണിയായ അമേരിക്ക 3,42,572 മെട്രിക് ടൺ ശീതീകരിച്ച ചെമ്മീൻ ഇറക്കുമതി ചെയ്തപ്പോൾ, ചൈന 1,25,667 മെട്രിക് ടണ്ണും, യൂറോപ്യൻ യൂണിയൻ 90,549 മെട്രിക് ടണ്ണും, തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ 44,683 മെട്രിക് ടണ്ണും, ജപ്പാൻ 38,492 മെട്രിക് ടണ്ണും, മധ്യപൂർവേഷ്യൻ രാജ്യങ്ങൾ

37,158 മെട്രിക് ടണ്ണും ഇറക്കുമതി ചെയ്തു. എല്ലാ വിപണികളിലും ശീതീകരിച്ച ചെമ്മീനിന്റെ വിപണിമൂല്യത്തിൽ വർദ്ധനവും ദൃശ്യമായി.

വന്നാമി ചെമ്മീനിന്റെ കയറ്റുമതി 2021-22-ൽ 5,15,907 മെട്രിക് ടണ്ണിൽ നിന്നും 6,43,037 മെട്രിക് ടൺ ആയി ഉയർന്നു. വന്നാമി ചെമ്മീനിന്റെ ഇറക്കുമതിയിൽ യു എസ് ഡോളർ മൂല്യത്തിൽ 59.05 ശതമാനവുമായി അമേരിക്ക മുൻപിലുണ്ട്. 14.59 ശതമാനവുമായി ചൈന, 8.16 ശതമാനവുമായി യൂറോപ്യൻയൂണിയൻ, 4.78 ശതമാനവുമായി തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ, 3.61 ശതമാനവുമായി ജപ്പാൻ, 3.17 ശതമാനവുമായി മധ്യപൂർവ്വേഷ്യൻ രാജ്യങ്ങൾ എന്നിവ പിന്നാലെയും. കാര ചെമ്മീനിന്റെ കയറ്റുമതിയിൽ യുഎസ്ഡി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 25.90% വിഹിതവുമായി യുഎസ്എ പ്രധാന വിപണിയായി മാറി. തുടർന്ന് യൂറോപ്യൻ യൂണിയനും (23.78%) ജപ്പാനും (22.71%) അടുത്ത മികച്ച വിപണികളായി.

രണ്ടാമത്തെ മികച്ച കയറ്റുമതി ഉല്പന്നമായ "ഇതര വിഭാഗങ്ങളുടെ " കയറ്റുമതിയിൽ അളവിൽ 12.96 ശതമാനവും ഡോളർ വരുമാനത്തിൽ 6.97 ശതമാനവുമായി 3,979.99 കോടി രൂപയുടെ (540.73 മില്യൺ യു എസ് ഡോളർ) വില്പന രേഖപ്പെടുത്തി. ഈ വിഭാഗത്തിന്റെ കയറ്റുമതിയിൽ രൂപയുടെ മൂല്യത്തിൽ 43.8 ശതമാനത്തിന്റെയും യു എസ് ഡോളർ മൂല്യത്തിൽ 42.94 ശതമാനം വർദ്ധനയാണുണ്ടായത്. മറ്റ് ഇനങ്ങളിൽ സുരിമി, സുരിമി അനലോഗ് ഉൽപ്പന്നങ്ങൾ എന്നിവ യുഎസ്ഡി മൂല്യത്തിൽ 56.55% ആണ്.

കയറ്റുമതി വിപണിയിലെ മൂന്നാമത്തെ മികച്ച വിഭാഗമായ ശീതീകരിച്ച മത്സ്യം 16.55 ശതമാനം അളവും 6.08 ശതമാനം യു എസ് ഡോളർ മൂല്യവുമായി 3471.91 കോടി രൂപയുടെ (471.45 യു എസ് ഡോളർ) വിറ്റുവരവ് നേടി. ഈ വിഭാഗത്തിന്റെ കയറ്റുമതിയിൽ അളവിൽ 20.44 ശതമാനവും യു എസ് ഡോളർ വരുമാനത്തിൽ17.19 ശതമാനവും വർദ്ധനവുണ്ടായി.

ശീതീകരിച്ച കൂന്തൽ കയറ്റുമതി, 75,750 മെട്രിക് ടൺ ആയി കണക്കാക്കി, അളവിൽ 23.82% വളർച്ചയും ഡോളറിന്റെ അടിസ്ഥാനത്തിൽ 40.24 ശതമാനവും വർധിക്കുകയും 2,806.09 കോടി രൂപ (383.37 യുഎസ് ഡോളർ മില്യൺ) നേടുകയും ചെയ്തു.

58,992 മെട്രിക് ടൺ ശീതീകരിച്ച കണവയുടെ കയറ്റുമതി രൂപയുടെ മൂല്യത്തിൽ 26.83 %വും യുഎസ് ഡോളർ മൂല്യത്തിൽ 26.18 % വും വളർച്ച കാണിക്കുകയും ചെയ്തു.

ഉണക്കിയ സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി വിപണി 73,679 MT ആയി, രൂപയുടെ മൂല്യത്തിൽ 28.27 % വളർച്ച കാണിച്ചു എന്നാൽ യുഎസ് ഡോളർ മൂല്യത്തിൽ 8.59 % കുറയുകയും 1472.98 കോടി രൂപ (143.46 USD ദശലക്ഷം) നേടുകയും ചെയ്തു.

തണുപ്പിച്ച ഇനങ്ങളുടെ കയറ്റുമതി അളവിൽ 23.08 % വും രൂപയുടെ മൂല്യത്തിൽ 53.45 % വും വർധിച്ചെങ്കിലും USD മൂല്യത്തിൽ 1.87 ശതമാനം കുറഞ്ഞു.

ജീവനോടെ കയറ്റുമതി ചെയ്യപ്പെടുന്ന ഇനങ്ങളുടെ മേഖല 7,032 മെട്രിക് ടൺ, അളവിൽ 60.57%, രൂപയുടെ മൂല്യത്തിൽ 47.43%, യുഎസ് ഡോളർ മൂല്യത്തിൽ 46.67% വളർച്ച പ്രകടമാക്കി. ശീതീകരിച്ച ചെമ്മീൻ, ശീതീകരിച്ച കണവ, ശീതീകരിച്ച കൂന്തൽ, ഉണക്കിയ ഇനങ്ങൾ, മറ്റ് ഇനങ്ങൾ എന്നിവയുടെ യൂണിറ്റ് മൂല്യം നല്ല വളർച്ച കാണിക്കുന്നു.

രാജ്യാന്തര വിപണികളിൽ വച്ച് 3371.66 മില്യൺ യു എസ് ഡോളർ മൂല്യമുള്ള സമുദ്രോതപ്ന്നങ്ങളുടെ ഇറക്കുമതിയുമായി അമേരിക്ക തന്നെയാണ് മുന്നിൽ. ആകമാന ഇറക്കുമതിയുടെ യു എസ് ഡോളർ മൂല്യത്തിൽ 37.56 ശതമാനമാണിത്. യു എസ് വിപണിയിക്കുള്ള

കയറ്റുമതിയിൽ 27.63 ശതമനം അളവിലും, 36.76 ശതമാനം രൂപയുടെ മൂല്യത്തിലും 37.56 ശതമാനം യു എസ് ഡോളറിന്റെ മൂല്യത്തിലുമുള്ള വർദ്ധനയാണ് രേഖപ്പെടുത്തിയത്.

ചെമ്മീൻ തന്നെയാണ് ഈ വിപണിയിലെ പ്രധാന ഇനം. വന്നാമി ചെമ്മീനിന്റെ കയറ്റുമതിയിൽ തന്നെ അളവിൽ 26.81 ശതമാനവും യു എസ് ഡോളർ മൂല്യത്തിൽ 34.65 ശതമാനവുമാണ് വർദ്ധന. യു എസ്സിലേക്കുള്ള കാര ചെമ്മീനിന്റെ കയറ്റുമതിയാകട്ടെ 68.99 ശതമാനം രൂപ അളവിലും 152.06 ശതമാനം യു എസ് ഡോളർ മൂല്യത്തിലും വർദ്ധിച്ചു.

1,175.05 മില്യൺ ഡോളർ വിലമതിക്കുന്ന 2,66,989 മെട്രിക് ടൺ ഇറക്കുമതി ചെയ്ത് അളവിൽ 19.50%, ഡോളർ മൂല്യത്തിൽ 15.14% ത്തോടെ ചൈന ഇന്ത്യയിൽ നിന്നുള്ള രണ്ടാമത്തെ വലിയ സമുദ്രോത്പന്ന കയറ്റുമതി കേന്ദ്രമായി ഉയർന്നു. ചൈനയിലേക്കുള്ള കയറ്റുമതിയിൽ മാത്രം അളവിൽ 22.28 ശതമാനവും രൂപ മൂല്യത്തിൽ 31.09 ശതമാനവും യു എസ് ഡോളർ മൂല്യത്തിൽ 25.12 ശതമാനവും വർദ്ധന രേഖപ്പെടുത്തി. ഇതിൽ പ്രധാന പങ്ക് ശീതീകരിച്ച ചെമ്മീൻ തന്നെ. 47.07 ശതമാനം അളവിലും 67.04 ശതമാനം ഡോളർ മൂല്യത്തിലുമാണിത്. ശീതീകരിച്ച മത്സ്യമാകട്ടെ 32.10 ശതമാനം അളവിലും 15.19 ശതമാനം യു എസ് ഡോളർ മൂല്യത്തിലുമുള്ള പങ്കും വഹിച്ചു.  ചൈനയിലേക്കുള്ള ശീതീകരിച്ച ചെമ്മീനിന്റെ കയറ്റുമതിയിൽ അളവിലും മൂല്യത്തിലും കാര്യമായ വർദ്ധനവുണ്ടായി.

മൂന്നാമത്തെ വലിയ വിപണിയായി തുടർന്ന യൂറോപ്യൻ യൂണിയനിൽ  മുഖ്യ ഇറക്കുമതി ഇനമായ ശീതീകരിച്ച ചെമ്മീനിന്റെ അളവിൽ 29.11 ശതമാനവും ഡോളർ മൂല്യത്തിൽ 37.09 ശതമാനവും വർദ്ധന ദൃശ്യമായി.

തെക്കുകിഴക്കൻ ഏഷ്യ നാലാമത്തെ വലിയ വിപണിയാണ്. കയറ്റുമതിയിലെ പ്രധാന ഇനമായ ശീതീകരിച്ച ചെമ്മീൻ 22.29% വളർച്ചയോടെ അളവിൽ 18.36% വിഹിതവും ഡോളർ മൂല്യത്തിൽ 36.81% വിഹിതവുമായി, അതിൽ മാത്രം 22.29 ശതമാനം വർദ്ധനവും നല്കി. കയറ്റുമതിയിലെ രണ്ടാമത്തെ പ്രധാന ഇനമായ ശീതീകരിച്ച മത്സ്യം, അളവിൽ 33.42% വിഹിതവും 82.24% വളർച്ചയോടെ ഡോളർ മൂല്യത്തിൽ 21.42% വും രേഖപ്പെടുത്തി.

ജപ്പാൻ  5.68 ശതമാനം ഡോളർ മൂല്യത്തിലും 6.60 ശതമാനം അളവിലുമുള്ള ഇറക്കുമതി വിപണിയുമായി അഞ്ചാം സ്ഥാനം നിലനിർത്തിയപ്പോൾ 6.95 ശതമാനം ഡോളർ മൂല്യത്തിന്റെ വർദ്ധനവും രേഖപ്പെടുത്തി. അതിൽ തന്നെ 3.73 ശതമാനം വർദ്ധനവോടെ ശീതീകരിച്ച ചെമ്മീൻ 77.55 ശതമാനം പങ്കും വഹിച്ചു.

മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയിലും മികച്ച വർദ്ധന ദൃശ്യമായി. 20.2% ശതമാനം അളവിലും 21.27 ശതമാനം രൂപ മൂല്യത്തിലും 20.7 ശതമാനം ഡോളർ മൂല്യത്തിലും.

****